(ബി) ഭാവിയിൽ ഗവൺമെന്റ് പ്ലീഡർമാർ സർക്കാരിന് അനുകൂലമായി കോടതിയിൽ നിലപാടെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ മാഗ്നം ഗ്ലാസ് കമ്പനിയുടെ കേസിൽ ഹൈക്കോടതിയുടെ വിധി പകർപ്പ് ലഭിച്ചിട്ടുണ്ടോ ; ഇതിൽ സർക്കാർ പിഴയടയ്ക്കാനുത്തരവായിട്ടുണ്ടോ ; ഇങ്ങനെ പിഴയടയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ ; ഇതിന് അപ്പീൽ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ലഭിച്ചിട്ടുണ്ട്. ടി ഭൂമിയിലെ ഇപ്പോഴത്തെ കൈവശക്കാർ ടി ഗ്ലാസ്സ് കമ്പനി സ്ഥിതി ചെയ്തിരുന്ന 36 സെന്റ് ഭൂമിയിലെ 20 സെന്റ് ഭൂമി തിരിച്ചെടുത്ത ജില്ലാ വ്യവസായ കേന്ദ്രം മാനേജരുടെ നടപടി ചോദ്യം ചെയ്ത് WP(C) No.16957/03 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ്സിൽ 25-8-2009-ലെ കോടതി വിധി പ്രകാരം ടി 36 സെന്റിനും പട്ടയം നൽകിയിട്ടുള്ളതിനാൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കുന്നതിന് വകുപ്പിന് അധികാരമില്ല എന്നും അതുകൊണ്ട് ജനറൽ മാനേജരുടെ ഉത്തരവ് റദ്ദാക്കുകയും ചെയ്തു. ടി വിധിക്കെതിരായി ഫയൽ ചെയ്ത WA No.2359/09 -ാം അപ്പീലിന്മേൽ ഹൈക്കോടതി 28-10-2009-ലെ വിധിയിൽ ടി സിംഗിൾ ബഞ്ചിന്റെ ഉത്തരവ് ശരിവക്കുകയും റിട്ട് അപ്പീൽ തള്ളുകയും പതിനായിരം രൂപ കോടതി ചെലവായി നൽകാനും ഉത്തരവായിട്ടുണ്ട്. ഈ വിധിക്കെതിരായി ബഹു. സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

കേരള സോപ്പ് ഇൻഡസ്ട്രീസ് ഫെഡറേഷൻ

* **186 (5076)** ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നല്ലളം ആസ്ഥാനമായുള്ള കേരള സോപ്പ് ഇൻഡസ്ട്രീസ് ഫെഡറേഷൻ എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന് ഖാദി ബോർഡ് എത്ര വായ്പ അനുവദിച്ചിട്ടുണ്ടെന്നും ഏത് തരം വായ്പയാണ് അനുവദിച്ചതെന്നും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സ്ഥാപനം ഏത് വർഷംമുതൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വായ്പ കുടിശ്ശിക ഈടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) 550 പേർക്ക് തൊഴിൽ നൽകണമെന്ന വ്യവസ്ഥയിലാണ് പ്രസ്തുത സ്ഥാപനത്തിന് വായ്പ അനുവദിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എന്നാൽ എത്ര സംഘങ്ങളിലായി എത്രപേർക്ക് തൊഴിൽ നൽകിയെന്ന് വ്യക്തമാക്കുമോ ;

(ജി) പ്രസ്തുത സ്ഥാപനം ഖാദി ബോർഡിൽനിന്നും വായ്പ ലഭിക്കുവാനായി ഏർപ്പെട്ട കരാർ ലംഘിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(എച്ച്) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് എതിരെ എന്തെങ്കിലും നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ശ്രീമതി ടി. ദേവി

" വി. പി. ജാനകി

" പി. കെ. ശ്രീമതി

" എം. എം. പത്മാവതി

" സി. വിജയലക്ഷ്മി

" പി. സൗദാമിനി

" എൻ. കെ. രാധ

(ബി) 7.50 ലക്ഷം രൂപ വായ്പയും 28.85 ലക്ഷം രൂപ പലിശ രഹിത വായ്പയും നൽകിയിട്ടുണ്ട്.

(സി) 1991-മുതൽ

(ഡി) മാനേജിംഗ് ഡയറക്ടർമാർ മുഖാന്തിരം തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) 50 സംഘങ്ങളിലായി 500 പേർക്ക് തൊഴിൽ നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന വിവരം ബോർഡിനെ അറിയിച്ചിട്ടില്ല.

(ജി) ഉണ്ട്.

(എച്ച്) ഫെഡറേഷൻ നൽകിയ നിവേദനം ബോർഡിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly